## പതിനാലാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം:4722 | 19/05/2017-ൽ മറുപടിയ്ക്ക്.

## ഗ്രാമീണ കോടതികൾ

**ചോദ്യം** | **മറുപടി**

**ശ്രീ.മഞ്ഞളാംകുഴി അലി** | **ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എത്ര ഗ്രാമീണ കോടതികളാണ് പ്രവർത്തിച്ചു വരുന്നത്; പ്രസ്തുത കോടതികൾ സ്ഥാപിക്കാനിടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ: | (എ) | ഗ്രാമന്യായാലയ ആക്ട് 2008 സെക്ഷൻ 3 പ്രകാരം എല്ലാ പൗരൻമാർക്കും നീതി ലഭ്യമാക്കുക എന്നതിന്റെയടിസ്ഥാനത്തിൽ കേരളത്തിൽ 30 ഗ്രാമ ന്യായാലയങ്ങൾ സ്ഥാപിക്കുവാൻ 01.03.2011 ലെ സ.ഉ (കൈ) നം.86/2011/ ആഭ്യന്തരം പ്രകാരം അനുമതി നൽകുകയും ഈ 30 ന്യായാലയങ്ങൾ ഇപ്പോൾ പ്രവർത്തിച്ചു വരികയും ചെയ്യുന്നു. |
| (ബി) | മജിസ്ട്രേറ്റ് കോടതിയിൽ പതിനായിരക്കണക്കിന് കേസുകൾ കെട്ടിക്കിടക്കുമ്പോഴും ഗ്രാമീണ കോടതികളിൽ കേസുകൾ കുറയുന്ന സ്ഥിതിവിശേഷത്തിന് കാരണമെന്താണെന്ന് വിശദമാക്കുമോ; | (ബി) യും (സി) യും | ഗ്രാമന്യായാലയ ആക്ട് 2008 സെക്ഷൻ 12, 13 പ്രകാരം ഗ്രാമന്യായാലയങ്ങളുടെ ക്രിമിനൽ, സിവിൽ അധികാര പരിധി പരിമിതമാണ്. കൂടാതെ ആർത്ഥിക ആധികാരികത 50,000/- രൂപ വരെയാണ്. ഈ സാഹചര്യം പരിഗണിച്ച് ഗ്രാമന്യായാലയ ആക്ടിൽ കൂടുതൽ ഇനങ്ങൾ |
| (സി) | മുഴുവൻ സമയ ന്യായാധിപൻമാരെ നിയമിക്കുന്നതും കൈകാര്യം ചെയ്യുന്ന | | |

| | | | |
|---|---|---|---|
| | കേസുകളുടെ മൂല്യമുയർത്തുന്നതും പ്രസ്തുത കോടതികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും മുൻസിഫ് മജിസ്ട്രേറ്റ് കോടതികളിലെ കേസുകളുടെ ബാഹുല്യം കുറയ്ക്കുന്നതിനും സഹായിക്കുമെന്ന് കരുതുന്നുണ്ടോ; ഗ്രാമീണ കോടതികളുടെ ലക്ഷ്യം നിറവേറ്റുന്നതിന് മറ്റെന്തെങ്കിലും മാറ്റം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ? | | ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ ഹൈക്കോടതി പരിശോധിച്ചു വരികയാണ്. |

**സെക്ഷൻ ഓഫീസർ**